# കലാവിദ്യാഭ്യാസം

**സമയം : 40 മിനിറ്റ്**
**സ്കോർ : 15**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 1 സ്കോർ.** **(4 x 1= 4)**

1. 'ദ സ്ക്രീം' എന്ന വിഖ്യാത ചിത്രം വരച്ച നോർവീജിയൻ ചിത്രകാരൻ ആര് ?
   (വാൻഗോഗ്, പോൾഗോഗിൻ, എഡ്‌വേർഡ് മങ്ക്, സെസാൻ)
2. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ പ്രശസ്തനായ അമേരിക്കൻ പോപ്പ് ഗായകൻ ആരാണ്?



a.യുങ് കുക്ക് b. മൈക്കൽ ജാക്സൻ c. ലേഡി ഗാഗ d. ഷക്കീറ

3. . ശില്പത്തിന്റെ അടിസ്ഥാന രൂപനിർമ്മിതിയ്ക്ക് പറയുന്ന പേരെന്ത്?
   (ബയന്റിംഗ്, കൊളാഷ്, ടാപെസ്ട്രി, ആർമേച്ചർ)
4. പല താളവാദ്യങ്ങൾക്കും പകരം ഉപയോഗിച്ച് വരുന്ന ഒരു ഇലക്ട്രോണിക് ഉപകരണം ഏത് ?
   (ട്രംപറ്റ്, റിഥംപാഡ്, ബ്യൂഗിൾ, സിംബൽ)
5. ലാസ്യപ്രധാനമായ കേരളീയ നൃത്തരൂപം ഏതാണ്?
   (കഥകളി, ഓട്ടംതുള്ളൽ, മോഹിനിയാട്ടം, യക്ഷഗാനം)
6. ആദ്യകാലങ്ങളിൽ സിനിമ ചിത്രീകരണത്തിന് മൂവീക്യാമറയിൽ ഉപയോഗിച്ചിരുന്ന സങ്കേതം ഏതാണ്?
   (ഫിലിം, മെമ്മറി കാർഡ്, ഹാർഡ് ഡിസ്ക്, ക്ലൗഡ്)

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(2 x 3 = 6)**

7. ചിത്രങ്ങളിൽ കൊടുത്തിരിക്കുന്ന പാശ്ചാത്യസംഗീത ഉപകരണങ്ങളുടെ പേര് എഴുതുക.



a. .................................... b. .................................... c. ....................................

8. ബംഗാൾ ക്ഷാമത്തെ അടിസ്ഥാനമാക്കി ചിത്രങ്ങൾ വരച്ച കലാകാരനായിരുന്നു സോമനാഥ് ഹോർ. അദ്ദേഹത്തിന്റെ ചിത്രങ്ങളിൽ മനുഷ്യരൂപങ്ങളെ ആവിഷ്കരിച്ചിരിക്കുന്നത് ശ്രദ്ധിക്കൂ...



നിങ്ങളുടേതായ രീതിയിൽ മനുഷ്യരൂപങ്ങൾ വരച്ച് നിറം നൽകി ചിത്രം വരച്ച് പൂർത്തിയാക്കുക.

9. അന്തരിച്ച പ്രശസ്ത കർണാടക സംഗീതജ്ഞനായ കെ.എസ്.നാരായണ സ്വാമിയുടെ ജീവചരിത്രം താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങളുടെ സഹായത്തോടെ തയ്യാറാക്കുക.

| | | |
|---|---|---|
| a) | ജനനം | : പാലക്കാട് ജില്ല, കൊടുവായൂർ. |
| b) | വർഷം | : 1914 സെപ്തംബർ 27. |
| c) | വിദ്യാഭ്യാസം | : അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്നും വീണ അഭ്യസിച്ചു. |
| d) | ഉദ്യോഗം | : അണ്ണാമല യൂണിവേഴ്സിറ്റിയിൽ ലക്ചറർ, തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീത കോളേജിൽ വീണ വിഭാഗം അദ്ധ്യാപകൻ, പ്രിൻസിപ്പാൾ. |
| e) | ബഹുമതികൾ | : ദേശീയ സംഗീത നാടക അക്കാദമി അവാർഡ് (1968) പത്മഭൂഷൻ (1977) |

10. പരിസ്ഥിതി ദിനത്തിൽ സ്കൂളിൽ വിതരണം ചെയ്യാനുള്ള തുണിസഞ്ചിയുടെ മാതൃക താഴെ കൊടുത്തിരിക്കുന്നു.



മാതൃക പേപ്പറിൽ വലുതാക്കി വരച്ച് പരിസ്ഥിതി ദിന സന്ദേശം എഴുതി രൂപകൽപന (design) ചെയ്യുക. ഉചിതമായ നിറങ്ങൾ നൽകി പൂർത്തിയാക്കുക. (വരയ്ക്കുവാൻ പ്രത്യേകം പേപ്പർ ഉപയോഗിക്കണം)

11. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിലെ ഭാവം തിരിച്ചറിഞ്ഞ് നവരസങ്ങളിൽ ഏതൊക്കെയെന്ന് എഴുതുക



a. ............... b. ............... c. ..................

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ.** **(1 x 5 = 5)**

12. പാട്ടില്ലാതെ, പശ്ചാത്തലസംഗീതം മാത്രം മുൻകൂട്ടി റെക്കോർഡ് ചെയ്യപ്പെട്ട സംവിധാനമാണ് കരോക്കെ. കരോക്കെയോടൊപ്പം പാടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
13. 'സമയം രാവിലെ 7 മണി. കുട്ടി വീടിന്റെ ജനാല തുറന്ന് പുറത്തേയ്ക്ക് നോക്കി. മുറ്റത്ത് കോഴിയും കുഞ്ഞുങ്ങളും. അരികിലുള്ള പ്ലാവിന്റെ കൊമ്പിലിരുന്ന് പഴുത്ത ചക്ക കൊത്തിതിന്നുന്ന കാക്ക. അകലെ വയലുകളും തെങ്ങിൻതോപ്പുകളും, മലനിരകളും' –
    സൂചനകൾക്കനുസൃതമായി ചിത്രം വരച്ച് നിറം നൽകി പൂർത്തിയാക്കുക.
    (വരയ്ക്കാൻ പ്രത്യേകം പേപ്പർ ഉപയോഗിക്കുക)
14. 'സ്കൂളിലേക്ക് തോട്ടുവക്കിലൂടെ നടന്നു പോകുന്ന കുട്ടി. ബൈക്കിലെത്തിയ രണ്ട് പേർ തോട്ടിലേയ്ക്ക് മാലിന്യ കവറുകൾ വലിച്ചെറിയുന്നത് കാണുന്നു. കുട്ടി അതിനെതിരെ പ്രതികരിക്കുന്നു. അത് ശ്രദ്ധിക്കാതെ അവർ വളരെ വേഗത്തിൽ ബൈക്ക് ഓടിച്ചു പോകുന്നു. കുട്ടി കവറുകൾ എടുത്ത് മാലിന്യസംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ് കുട്ടിയെ അഭിനന്ദിക്കുന്നു' ഈ കഥാസന്ദർഭത്തിന് അനുയോജ്യമായ സംഭാഷണങ്ങൾ ഉൾപ്പെടുത്തി തിരക്കഥ തയ്യാറാക്കുക.

# കലാവിദ്യാഭ്യാസം വാർഷിക മൂല്യനിർണ്ണയം-2023

## ഉത്തര സൂചിക 9-ാം തരം

സമയം 40 മിനിറ്റ് ആകെ മാർക്ക്_15

1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക (4 X 1 = 4 )

1 എഡ് വേഡ് മങ്ക് , 2 മൈക്കൽ ജാക്സൺ , 3 ആർമേച്ചർ , 4 റിഥംപാഡ് , 5 മോഹിനിയാട്ടം, 6 ഫിലിം

7 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക (2 X 3 = 6 )

7 a ഗിറ്റാർ, b കീബോർഡ് (ഓർഗൺ), c ഡ്രംസ്

8 വരക്കാൻ ശ്രമിച്ചാൽ 1 മാർക്ക് , ശരാശരി 2 മാർക്ക് , മികച്ചതായാൽ 3 മാർക്ക്

9 **കെ. എസ് നാരായണസ്വാമി**

കേരളത്തിലെ വൈണികരിൽ വളരെ പ്രശസ്തനാണ് കെ എസ് നാരായണസ്വാമി. 1914 സെപ്തംബർ 17 ന് പാലക്കാട് ജില്ലയിലെ കൊടുവായൂർ എന്ന പ്രദേശത്താണ് അദ്ദേഹം ജനിച്ചത്. അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്ന് വീണ അഭ്യസിച്ച അദ്ദേഹം അണ്ണാമല ' യൂണിവേഴസിറ്റിയിൽ തന്നെ ലക്ച്ചററായും തിരുവനന്തപുരം ശ്രീ സ്വാതിതിരുന്നാൾ സംഗീത കോളേജിൽ വീണ അധ്യാപകനായും, പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. പ്രശസ്ത പാശ്ചാത്യ സംഗീതജ്ഞൻ യഹൂദി മെനൂഹിന്റെ ക്ഷണപ്രകാരം ലണ്ടനിൽ വെച്ച് നടന്ന 'ബാത് ' അന്താരാഷ്ട്ര സംഗീതോത്സവത്തിൽ അദ്ദേഹം പങ്കെടുത്തു. 1968 - ൽ സംഗീത നാടക അക്കാദമി അവാർഡും 1977-ൽ പത്മഭൂഷണും ലഭിച്ചു. 1999-ൽ ഇദ്ദേഹം അന്തരിച്ചു.

10




11 രൗദ്രം, കരുണം, ബീഭത്സം

12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഒന്നിന് മാത്രം ഉത്തരമെഴുതുക (1X 5 = 5 )

12 പാട്ടിന്റെ യഥാർത്ഥ റെക്കോർഡ് പലതവണ കേൾക്കുക. പശ്ചാത്തലവും പാട്ടിന്റെ ഈണവും കൃത്യമായി ശ്രദ്ധിക്കണം. കേൾക്കുന്ന പാട്ടിന്റെ റെക്കോർഡിനോ ടൊപ്പം ഒന്നു രണ്ടുതവണ പാടി നോക്കാം. പിന്നീട് പാട്ടില്ലാതെ കരോക്കെ മാത്രം കേട്ട ശേഷം പാടി നോക്കുക. അത് ഉപകരണങ്ങളുടെ ശ്രുതിയും താളവും അനുസരിച്ച് തന്നെ ആവേണ്ടതുണ്ട്. ഒരു വാക്കോ അക്ഷരമോ തെറ്റുകയോ വേഗതയിൽ ചെറിയ മാറ്റമോ സംഭവിച്ചാൽ പാട്ടിന്റെ കൃത്യത ഉടനീളം നഷ്ടമാകും. ഇക്കാര്യങ്ങൾ ശ്രദ്ധിച്ച് പരിശീലനം നടത്തിയാൽ നല്ല രീതിയിൽ കരോക്കെ പാടാൻ സാധ്യമാവും.

13



സുരേഷ് കാട്ടിലങ്ങാടി

14 സീൻ 1 പകൽ

ഒരു തോടിന് സമീപത്തുള്ള റോഡിലൂടെ സ്കൂളിലേയ്ക്ക് പോകുന്ന കുട്ടി. 12 വയസ്സ് പ്രായം. അവനെതിരെ ഒരു ബൈക്കിൽ രണ്ട് പേർ വരുന്നു. പിന്നിലിരുന്ന ആൾ ഒരു പ്ലാസ്റ്റിക് കവർ തോട്ടിലേയ്ക്ക് വലിച്ചെറിയുന്നു. മുന്നോട്ടെടുക്കാൻ തുടങ്ങിയ ബൈക്കിന് മുന്നിലേയ്ക്ക് കുട്ടി കയറി നിന്നു.

കുട്ടി - നിങ്ങളെന്താ ചെയ്തത് ... !! പ്ലാസ്റ്റിക് വലിച്ചെറിയരുതെന്ന് അറിയില്ലേ ... ?

അവർ അത് ശ്രദ്ധിക്കാതെ വണ്ടി മുന്നോട്ടെടുത്ത് പോയി.
തോട്ടിലേയ്ക്കിറങ്ങിയ കുട്ടി കവർ എടുത്ത് നടക്കുന്നു.

സീൻ: 2 പകൽ മാലിന്യ സംസ്ക്കരണ കേന്ദ്രം.

കവറുമായി അവിടേയ്ക്ക് ചെല്ലുന്ന കുട്ടി.
അവൻ പ്ലാസ്റ്റിക് കവർ , അവിടെ വച്ചിരുന്ന ബിൻ-ലേക്ക് നിക്ഷേപിക്കുന്നു.

സീൻ : 3 രാവിലെ സ്കൂൾ അസ്സംബ്ലി.

അസ്സംബ്ലിയിൽ പഞ്ചായത്ത് പ്രസിഡന്റ് സംസാരിക്കുന്നു.
പ്രസിഡന്റ് : മനു ചെയ്തത് വളരെ മാതൃകാപരമായ പ്രവൃത്തിയാണ്. എല്ലാവരുടെയും പേരിൽ മനുവിനെ അനുമോദിക്കുന്നു.
മുന്നോട്ട് വരുന്ന അവന് പഞ്ചായത്ത് പ്രസിഡന്റ് സമ്മാനം നൽകുന്നു.
കുട്ടികളുടെ കൈയ്യടി. മനുവിന്റെ നിറഞ്ഞ മുഖം.